**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി എ.എം.ഗീതയ്ക്ക് കോഴിക്കോട് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ (MIMS) ഓങ്കോളജി വിഭാഗത്തിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.819/2019/തസ്വഭവ തിരുവനന്തപുരം, തീയതി :08/04/2019

പരാമർശം : 1) 22/04/2013 തീയതിയിലെ സ.ഉ.(പി) നം.144/2013/എഫ്&എച്ച്ഡബ്ല്യുഡി.
2) ശ്രീമതി.എ.എം.ഗീതയുടെ 10/11/2014 തീയതിയായുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ.
3) കോഴിക്കോട് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ (MIMS) നിന്നും നൽകിയിട്ടുള്ള 23/04/2014, 21/05/2014, 18/06/2014, 16/07/2017 തീയതികളിലെ 458562-ാം നമ്പർ ഡിസ്ചാർജ്ജ് സ്ലിപ്പുകൾ.
4) കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷന്റെ 27/12/2016 തീയതിയിലെ 4-ാം നമ്പർ കൗൺസിൽ തീരുമാനം.
5) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12/12/2018 തീയതിയിലെ എം.ആർ2 (എൽ.ഡി.എ) 27504/2018/ആവഡ നമ്പർ കത്ത്.
6) നഗരകാര്യ ഡയറക്ടറുടെ 03/02/2017, 07/02/2018, 10/01/2019 തീയതികളിലെ ഡിസി1-1036/2017 നമ്പർ കത്തുകൾ.

**ഉത്തരവ്**

കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.എ.എം.ഗീതയ്ക്ക് 26/03/2014 മുതൽ 17/10/2014 വരെ കോഴിക്കോട് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ (MIMS) ഓങ്കോളജി വിഭാഗത്തിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയായ 2,30,997/- രൂപ (രണ്ടു ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ടിയാരിയുടെ പരാമർശം (2) പ്രകാരമുള്ള അപേക്ഷ, പരാമർശം (3) പ്രകാരമുള്ള കോഴിക്കോട് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ (MIMS) നിന്നും നൽകിയിട്ടുള്ള ഡിസ്ചാർജ്ജ് സ്ലിപ്പുകൾ, പരാമർശം (4) പ്രകാരമുള്ള കോർപ്പറേഷൻ കൗൺസിൽ തീരുമാനം എന്നിവ സഹിതം പരാമർശം (6) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2) ശ്രീമതി.എ.എം.ഗീതയുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ പരിശോധിച്ചതിൽ, നിലവിലെ നിബന്ധനപ്രകാരം അനുവദനീയമായ മരുന്നുകൾക്കും മറ്റ് അനുവദനീയമായ ഉപകരണങ്ങൾക്കും ലാബ് ടെസ്റ്റുകൾ ഉൾപ്പെടെയുള്ള പരിശോധനകൾക്കും സർക്കാർ അംഗീകൃത നിരക്കുകൾ പ്രകാരമാകെ അനുവദനീയമായ തുക 2,17,515/- (രണ്ടു ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ്റി പതിനഞ്ച് രൂപ മാത്രം) ആണെന്നും, കെ.ജി.എസ്.എം.എ റൂൾസ് 1960 പ്രകാരമുള്ള അപേക്ഷയും അനുബന്ധപത്രങ്ങളും അപേക്ഷക സമർപ്പിച്ചിട്ടുണ്ടോ എന്ന് തുക മാറി നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ

വരുത്തേണ്ടതാണെന്നും, തുടർ പരിശോധനയിൽ ക്രമപ്രകാരമല്ലാതെയോ അധികമായോ തുക മാറി നൽകിയതായി കാണുന്നപക്ഷം അപേക്ഷക പ്രസ്തുത തുക തിരിച്ചടയ്ക്കാൻ ബാധ്യസ്ഥയാണെന്നും. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും കണക്ക് കൂട്ടി തന്നിട്ടുള്ള തുക മാറി നൽകുന്നതിന് മുമ്പ് ഒരിക്കൽക്കൂടി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണെന്നും പരാമർശം (5) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

3) പരാമർശം (5) പ്രകാരമുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.എ.എം.ഗീതയ്ക്ക് കോഴിക്കോട് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ (MIMS), ഓങ്കോളജി വിഭാഗത്തിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായതിൽ, പരാമർശം (5) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്നറിയിച്ചിട്ടുള്ള 2,17,515/- (രണ്ടു ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ്റി പതിനഞ്ച് രൂപാ മാത്രം) രൂപയുടെ 80% ആയ 1,74,012/- രൂപ (ഒരു ലക്ഷത്തി എഴുപത്തി നാലായിരത്തി പന്ത്രണ്ട് രൂപാ മാത്രം), പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ, കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി എന്നിവർ പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന വ്യവസ്ഥയിലും, തുടർ പരിശോധനയിൽ ക്രമപ്രകാരമല്ലാതെയോ അധികമായോ തുക മാറി നൽകിയതായി കാണുന്നപക്ഷം അപേക്ഷക പ്രസ്തുത തുക തിരിച്ചടയ്ക്കാൻ ബാധ്യസ്ഥയാണെന്ന വ്യവസ്ഥയിലും. ടി തുക കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്ന വ്യവസ്ഥയിലും, കേരള ഗവണ്മെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 ബാധകമാക്കിയ 1998 ലെ കേരള മുൻസിപ്പാലിറ്റീസ് (എംപ്ലോയീസ് മെഡിക്കൽ അറ്റൻഡന്റ്സ്) റൂൾ പ്രകാരം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
(മെഡിക്കൽ ബില്ലുകളും അനുബന്ധരേഖകളും ഉൾപ്പെടെ)
സെക്രട്ടറി, കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ